## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3149** 18-10-2016-ൽ **മറുപടിക്ക്**

## വൈദ്യുതി കുടിശ്ശിക തുക അടയ്ക്കുവാനുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ. പി.സി. ജോർജ് :

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) കേരളത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക (03/2016-ലെ കണക്ക് പ്രകാരം 125,21,49,113 രൂപ) വരുത്തിയ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ നിന്ന് കുടിശ്ശിക തുക പിരിയ്ക്കാൻ ബോർഡ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിനായി വൈദ്യുതി ബോർഡ് ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതേത്തുടർന്ന് ഗവൺമെന്റ് തലത്തിലും ബോർഡ് തലത്തിലും നിരവധി മീറ്റിംഗുകൾ താഴെപ്പറയുന്ന തീയതികളിൽ കൂടുകയുണ്ടായി.

| | |
|---|---|
| 02-01-1998 | പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം |
| 02-01-2000 | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം |
| 18-04-2001 | ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം |
| 27-05-2004 | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം |
| 10-03-2010 | അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വൈദ്യുതി ബോർഡും റ്റിസിസി യുമായി നടന്ന ഹൈപവർ മീറ്റിംഗ് |
| 09-02-2012 | ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷത യിൽ കൂടിയ യോഗം |
| 18-12-2013 | വൈദ്യുതി ബോർഡ് ചെയർമാൻ ആൻറ് മാനേജിംഗ്ഡയറക്ടറും റ്റിസിസി അധികൃതരുമായി നടന്ന ചർച്ച |

| | |
|---|---|
| 21-01-2014 | ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വൈദ്യുതി ബോർഡും റ്റിസിസിയുമായി നടന്ന യോഗം |

എന്നാൽ പ്രസ്തുത സ്ഥാപനം കുടിശ്ശിക സംബന്ധിച്ച തർക്കം ഉന്നയിച്ചതിനാൽ ബോർഡും റ്റിസിസിയുമായുള്ള സംയുക്തമായ കണക്ക് പരിശോധനകളിലൂടെ നിലവിലെ കുടിശ്ശിക തുക റ്റിസിസി ലിമിറ്റഡിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതേ തുടർന്ന് 21-01-2014 ബഹുമാനപ്പെട്ട വ്യവസായവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചർച്ചയിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങളും മുന്നോട്ട് വച്ചു.

(1) M/s BSES– ന് TCC Ltd പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി കെ.എസ്.ഇ.ബിയ്ക്ക് മുഴുവൻ കുടിശ്ശികയും തീർപ്പാക്കാൻ കൈമാറുക.

(2) കുടിശ്ശിക തുക 6 ശതമാനം പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുക.

എന്നാൽ TCC Ltd- ന്റെ Chairman and Managing Director Open Access-ന് വേണ്ടിയുള്ള NOC, KSE Board Ltd നൽകണമെന്നാവശ്യപ്പെടുകയും കുടിശ്ശിക നിലവിലുള്ളതിനാൽ 2013 ലെ KSERC ഓപ്പൺ ആക്സസ്സ് റഗുലേഷൻ പ്രകാരം ബോർഡ് പ്രസ്തുത ആവശ്യം നിരാകരിക്കുകയും ബോർഡിന്റെ തീരുമാനത്തിനെതിരെ TCC Ltd, WP (C) No.16113/2015 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയുമുണ്ടായി. ബഹുമാനപ്പെട്ട കോടതി നിർദ്ദേശ പ്രകാരം TCC Ltd ന്റെ 20 ഏക്കർ ഭൂമി കെ.എസ്. ഇ. ബോർഡിന്റെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്കായി കൈമാറ്റം നടത്താൻ 19.9.2015-ലെ സ.ഉ (എം.എസ്.) 33/2015/പി.ഡി പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് വിവിധ തൊഴിലാളി സംഘടനകൾ എതിർപ്പ് അറിയച്ചതിനെ തുടർന്ന് സർക്കാർ ഇക്കാര്യം പുനപരിശോധിക്കാൻ തീരുമാനിക്കുകയും 17.10.2015-ലെ

സ.ഉ (എം. എസ്) 35/2015/പി.ഡി പ്രകാരം പ്രസ്തുത നിർദ്ദേശം തല്ക്കാലം നടപ്പിലാക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ വ്യവസായ വകുപ്പുമായി ചേർന്ന് സർക്കാർതലത്തിൽ നടന്നുവരികയാണ്.

| | | | |
|---|---|---|---|
| ബി) | ഇത്രയും ഭീമമായ തുക കുടിശ്ശിക വരുത്തിയിട്ടും എന്ത് മാനദണ്ഡ പ്രകാരമാണ് നാളിതുവരെ വൈദ്യുതി വിച്ഛേദിയ്ക്കാതിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | എന്നാൽ പ്രസ്തുത സ്ഥാപനം സർക്കാർ അധീനതയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായതിനാലും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന ഈ സ്ഥാപനത്തിൽ ഒട്ടേറെ തൊഴിലാളികൾ പണിയെടുക്കുന്നതിനാലും കൂടാതെ കുടിശ്ശിക തീർപ്പാക്കുന്ന വിഷയത്തിൽ വിവധ തലത്തിലുള്ള ഇടപെടലുകൾ നടന്നു കൊണ്ടിരിക്കുന്നതിനാലും, യുക്തമായ കുടിശ്ശിക നിവാരണ സ്കീം നിലവിൽ വരുന്നതു വരെ വൈദ്യുതി ബോർഡ് ഈ വിഷയത്തിൽ കണക്ഷൻ വിച്ഛേദിക്കൽപോലുള്ള കടുത്ത നടപടികളിലേയ്ക്ക് കടക്കാത്തത്. |
| സി) | എത്ര കാലത്തെ കുടിശ്ശികയാണ് ഇതെന്ന് വിശദമാക്കുമോ; | (സി) | 4/1983 മുതൽ 3/16 വരെയുള്ള 30 വർഷത്തെ വിവിധ തരത്തിലുള്ള കുടിശ്ശിക തുകയാണിത്. |
| ഡി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർ അനാസ്ഥ കാണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല. |
| ഇ) | കേരളാ വാട്ടർ അതോറിറ്റി മുതലായ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടയ്ക്കാനുള്ള ഭീമമായ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | കേരളാ വാട്ടർ അതോറിറ്റി മുതലായ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലേയ്ക്കായി പ്രസ്തുത സ്ഥാപന മേധാവികളുമായി ബോർഡ് തലത്തിലും സർക്കാർ തലത്തിലും നിരവധി മീറ്റിംഗുകൾ നടത്തുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷന്റെ 25 ശതമാനം ബോർഡിലേയ്ക്ക് ഒടുക്കുന്നതിന് Escrow Account തുടങ്ങുന്നതിനും ഉപയോഗിക്കപ്പെടാത്ത പ്ലാൻ ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**